Roll No. | | | | | |

# INDIAN SCHOOL SALALAH

## FIRST TERM EXAMINATION – SEPTEMBER 2024

## MALAYALAM [ SECOND LANGUAGE ] (12 )

**Class: 8** **Date: 29/09/2024**

**Time: 3 hrs** **Maximum Marks: 80**

---

## SECTION A

**TOTAL PAGES: 5**

1. ***Answer all questions.***
2. ***Copy the questions in the Answer Book from II- VIII***

**I. ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. [MCQ] ½ X10 =5**

1. എവിടുത്തെ ജീവിതമാണ് അംബേദ്കറിൻറെ ഭാവി കർമ്മപരിപാടിക്കു സഹായിച്ചത് ?

   [ലണ്ടനിലെ, ബറോഡയിലെ, അമേരിക്കയിലെ]

2. ആരുടെ പ്രസംഗമാണ് റോമക്കാരെ ഇളക്കി മറിച്ചത്?
   [ സീസറിൻറെ, മാർക്ക്ആൻറണിയുടെ, നെഹ്റുവിൻറെ]

3. നല്ല പ്രസംഗകനാകാനുള്ള തടസ്സം എന്താണ് ?
   [വാചാലത, നീണ്ട മുഖവുര, സഭാകമ്പം]

4. വൃദ്ധ ദശകടന്നതാര്?
   [ ആട്, പ്ലാവ്, കഥാകാരൻ]

5. അരിമണി വിതറുന്നതാരാണ്?
   [ഉണ്ണി, അമ്മ, മുത്തച്ഛൻ]

6. പട്ടുപോലുള്ള സ്വഭാവം ആർക്കായിരുന്നു ?
   [ ഈശ്വരന്, മുത്തശ്ശിക്ക്, ഇടയപ്പെൺകുട്ടിക്ക്]

**PTO**

7. കൃഷ്ണഗാഥ എഴുതിയതാര്?
[കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ, ചെറുശ്ശേരി]

8. ഡോ. അംബേദ്കറിന് ഡോക്ടർ ബിരുദംനൽകിയ സർവ്വകലാശാല ഏത്?
[ ലണ്ടൻ, കൊളംബിയ, ഡൽഹി]

9. ഐക്യ രാഷ്ട്രസഭയിൽ നീണ്ട പ്രസംഗം നടത്തിയതാര്
[ചർച്ചിൽ, കൃഷ്ണമേനോൻ, നെഹ്റു]

10. മേചക കാന്തി കലർന്നത് ആർക്കാണ്
[പാൽക്കടലിന്, മേഘത്തിന്, പാരിന്]

**II. രണ്ടു പര്യായം വീതം എഴുതുക** **1 X 8 =8**

1. കണ്ണീർ 2. മത്സ്യം 3. അംബരം 4. ചെവി 5. കാള
6. അഗ്നി 7. കിരീടം 8. എലി

**III വിപരീത പദം എഴുതുക** **1 X 10 =10**

1. നീചം 2. സ്വാതന്ത്ര്യം 3. അടിമ 4. അരികെ
5. സങ്കോചം 6. ഉത്തമൻ 7. രഹസ്യം 8. അമിതം
9. ഉന്നതം 10. സുഗന്ധം

**IV നാനാർത്ഥം എഴുുക** **1 X 5 = 5**

1. കർമ്മം 2. കലി 3. വാതം 4. മണി 5. കതിർ

**V അർത്ഥവ്യത്യാസം എഴുതുക** **1 X 4 =4**

1. ഉദാരം --- ഉദരം 2. യോഗം --- യാഗം 3. ദശ --- ദിശ
4. ദേഹം - ദേഹി

**VI എതിർലിംഗം എഴുതുക** **½ X 4 = 2**

1. മഹാൻ 2. അപമാനിത 3. വിദ്വാൻ 4. ഉള്ളാടത്തി

**PTO**

**VII പിരിച്ചെഴുതുക** **1 X 10 = 10**

1. കഠിനമായി 2. ശബ്ദങ്ങൾ 3. വരുമോണം 4. കലത്തിൽ
5. അദ്ദേഹം 6. പ്രഭാതത്തിൽ 7. സ്വാഗതം 8. പോയതാവാം
9. സരസ്സിൽ 10. ശൈലിയിൽ

**VIII വിഗ്രഹിച്ചെഴുതുക** **½ X 10 = 5**

1. മാഞ്ചോട്ടിൽ 2. മാസ്മരശക്തി 3. ചെറുനെല്ല് 4. കരഘോഷം
5. ബാല്യകാലസഖി 6. വല്ലവീവല്ലഭൻ 7. കഠിനാദ്ധ്വാനം
8. ധീരയോദ്ധാവ് 9. പ്ലാവില 10. ശരീരസൌന്ദര്യം

**IX മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **2 X 8 = 16**

1. പരിഭാഷ പ്രസംഗത്തെക്കാൾ നന്നാവുന്നതിന് ഒരുദാഹരണം എഴുതുക.
2. ‘രണ്ടുമൂന്നു മിനിട്ടുകൊണ്ട് മുഴുവനും ശാപ്പിട്ടു “-ഏതു സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത് ?
3. അയിത്തക്കാരൻ എന്നും അയിത്തക്കാരൻ തന്നെ ആയിരിക്കും- ഈ പ്രസ്താവന തെളിയിക്കാൻ ഒരു സംഭവം പറയുക.
4. മുത്തച്ഛൻ എവിടെയൊക്കെ പോയിട്ടുണ്ടെന്നാണു പറയുന്നത്?
5. ഈശ്വരന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി എന്താണ്?
6. പ്രസംഗം കലയായി മാറുന്നതെപ്പോൾ?
7. അംബവാദേക്കർ ,അംബേദ്ക്കർ ആയതെങ്ങനെ?
8. അബിയുടെ ട്രൌസറിൻറെ ഒരുഭാഗം ആടു തിന്നാൻ ഇടയായതെങ്ങനെ?

**PTO**

## SECTION –B

**I താഴെകൊടുത്ത ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക: 1 X 5= 5**

"ഇന്ത്യയിലേക്ക് മടങ്ങിയ ഗാന്ധി 1915 ജനുവരി 9 ന് മുംബൈ തുറമുഖത്ത് കപ്പലിറങ്ങി. ഈ ദിനത്തിൻറെ ഓർമക്കായിട്ടാണ് **2003 മുതൽ ജനുവരി 9** ഭാരത സർക്കാർ പ്രവാസി ദിനമായി ആചരിക്കാൻ തുടങ്ങിയത്.

കാര്യങ്ങൾ നേരിട്ട് പഠിക്കാനായി അദ്ദേഹം ഇന്ത്യ മുഴുവനും സഞ്ചരിച്ചു. അന്ന് ഇൻഡ്യൻ ദേശീയതയുടെ നായകരായിരുന്ന നേതാക്കന്മാരെയെല്ലാം സന്ദർശിച്ചു.

ദക്ഷിണാഫ്രിക്കയിലെ ഫീനിക്സ് ആശ്രമത്തിൽ നിന്നും വന്ന വിദ്യാർത്ഥികളെ അക്കാലത്ത് രവീന്ദ്രനാഥ ടാഗോർ ശാന്തിനികേതനിലേയ്ക്ക് ക്ഷണിക്കുകയുണ്ടായി. അങ്ങനെയാണ് ഗാന്ധിജിയും ടാഗോറും പരിചയപ്പെടുന്നത്.

മരിക്കുവോളം നീണ്ട ഒരു സുഹൃദ്ബന്ധത്തിൻറെ തുടക്കമായിരുന്നു അത്. അഹമ്മദാബാദിലെ കൊച്ച്റാബിൽ 1915 മേയ് 25-ന് അദ്ദേഹം സത്യാഗ്രഹാശ്രമം സ്ഥാപിച്ചു. ജനസേവനത്തിന് ആത്മസമർപ്പണം ചെയ്യുന്നവർ അഹിംസ, സത്യം, അപരിഗ്രഹം, ബ്രഹ്മചര്യം എന്നിവ നിഷ്ഠയോടെ ആചരിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. സ്വയം നൂൽ നൂറ്റുകൊണ്ട് വസ്ത്രമുണ്ടാക്കുക എന്ന അടിസ്ഥാനത്തിലുള്ള **ഖാദി പ്രസ്ഥാനത്തിന്** അദ്ദേഹം രൂപം നൽകി.

1917 ഏപ്രിൽ 16-ന് ചമ്പാരൻ ജില്ലയിൽ തോട്ടം തൊഴിലാളികളെ ബ്രിട്ടീഷ് കരാർ വ്യവസ്ഥയനുസരിച്ചുള്ള അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടി നടത്തിയ സമരത്തിൽ ഗാന്ധി ഇന്ത്യയിൽ വച്ച് ആദ്യമായി അറസ്റ്റ് വരിച്ചു. പിന്നീട് 1917-1918 കാലത്ത് അദ്ദേഹത്തിൻറെ ശ്രമഫലമായി ഗുജറാത്തിലെ ഘേഡ കർഷക സമരം, അഹമ്മദാബാദിലെ തൊഴിൽ പ്രശ്നം തുടങ്ങിയവ ഒത്തു തീർപ്പാക്കി. 1917 ജൂണിൽ സത്യാഗ്രഹാശ്രമം സബർമതി യിലേക്ക് മാറ്റി. പിന്നീട് ഇത് **സബർമതി ആശ്രമം** എന്ന് അറിയപ്പെടാൻ തുടങ്ങി. അക്കാലത്ത് ടാഗോർ ആയിരുന്നു ഗാന്ധിജിയെ ആദ്യമായി **മഹാത്മാ** എന്ന് വിശേഷിപ്പിച്ചത്."

**PTO**

**ചോദ്യങ്ങൾ-**

**1.** പ്രവാസി ദിനമായി ആചരിക്കുന്നത് എന്നാണ്?
2. ഗാന്ധിജിയും ടാഗോറും പരിചയപ്പെടുന്നത് എങ്ങനെയാണ്?
3. ജനസേവനം ചെയ്യാനാഗ്രഹിക്കുന്നവരോട് ഗാന്ധിജി നിർദ്ദേശിച്ചതെന്ത്?
4. ഗാന്ധിജി ആദ്യമായി അറസ്റ്റു വരിച്ചതെന്ന്? കാരണംഎന്തായിരുന്നു?
5. ടാഗോർ ഗാന്ധിജിയെ വിശേഷിപ്പിച്ചതെന്ത്?

II. **നിങ്ങളുടെ അവധിക്കാലം നിങ്ങളോടൊപ്പം ചെലവഴിക്കാനായി സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതുക.** **5 X1 = 5**

III. **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ലഘുവായി എഴുതുക. [ 50 WORDS ]** **5X 1 = 5**

1. നിങ്ങളുടെ കുടുംബം
2. നിങ്ങൾ ഇഷ്ടപ്പെടുന്ന വ്യക്തി.
3. നിങ്ങളുടെ ആഗ്രഹം.

===========================+++===========================